LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഓർത്തോ വിഭാഗത്തിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നടപടി

98 [3149] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
" പി. ടി. തോമസ്:
" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഓർത്തോ വിഭാഗത്തിൽ എത്ര രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാർഡുകളിൽ ദിവസേന എത്ര രോഗികളെ ഇൻപേഷ്യന്റായി ചികിൽസിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ വാർഡുകളിലുള്ള ബഡ്ഡുകളുടെ എണ്ണത്തെക്കാൾ കൂടുതൽ വരുന്ന രോഗികളെ കിടത്തുന്നത് എവിടെയാണ്;

(ഡി) എല്ലൊടിഞ്ഞുവരുന്ന രോഗികളെ ഇപ്രകാരം കിടത്തുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് — 163 രോഗികൾ
ആലപ്പുഴ മെഡിക്കൽ കോളേജ് — 72 രോഗികൾ
കോട്ടയം മെഡിക്കൽ കോളേജ് — 84 രോഗികൾ
തൃശ്ശൂർ മെഡിക്കൽ കോളേജ് — 62 രോഗികൾ
കോഴിക്കോട് മെഡിക്കൽ കോളേജ് — 90 രോഗികൾ

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് — 350
ആലപ്പുഴ മെഡിക്കൽ കോളേജ് — 105
കോട്ടയം മെഡിക്കൽ കോളേജ് — 103
തൃശ്ശൂർ മെഡിക്കൽ കോളേജ് — 20
കോഴിക്കോട് മെഡിക്കൽ കോളേജ് — 250-നും 300-നും ഇടയിൽ

(സി) ഈ വാർഡുകളിൽ കിടക്കകളുടെ എണ്ണത്തേക്കാൾ വരുന്ന രോഗികളെ നിലത്തുകിടത്തിയാണ് ചികിൽസിക്കുന്നത്.

(ഡി) എല്ലൊടിഞ്ഞുവരുന്ന രോഗികളെ പരമാവധി കട്ടിലിൽ കിടത്തി തന്നെ ചികിൽസ നൽകാറുണ്ട്.